"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് - 2024 - 2025 വർഷത്തെ മാച്ചിംഗ് ഗ്രാന്റിനത്തിൽ അനുവദിക്കുവാൻ ബാക്കിയുള്ള തുകയിൽ 30 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു

---

വ്യവസായ ( ഇ ) വകുപ്പ്

സ.ഉ.(സാധാ) നം.631/2026/ID തീയതി,തിരുവനന്തപുരം, 06-06-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 1516/2025/ID തീയതി 18/12/2025.
2. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/01/2026, 22.05.2026 തീയതികളിലെ CWB/A1/1917/2016 നമ്പർ കത്തുകൾ.
3. കയർ വികസന ഡയറക്ടറുടെ 12/01/2026 ലെ DCD/557/2025-CP5 നമ്പർ കത്ത്.

**ഉത്തരവ്**

2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) നിയമം സെക്ഷൻ 4(3) പ്രകാരം, ഓരോ വർഷവും തൊഴിലാളി വിഹിതമായി കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സമാഹരിക്കുന്ന തുകയുടെ 50 ശതമാനത്തിന് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി ബോർഡിന് അനുവദിക്കേണ്ടതുണ്ട്. ഇതിനനുസൃതമായി 2024-25 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ആകെ 85,88,668/- രൂപ (എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തിയെട്ട് ആയിരത്തി അറുന്നൂറ്റി അറുപത്തിയെട്ട് രൂപ) മാച്ചിംഗ് ഗ്രാന്റായി ലഭിക്കുന്നതിന് അർഹതയുള്ളതായി കയർ വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും പരാമർശം (1) പ്രകാരം 2851-00-106-93 (NP) ശീർഷകത്തിൽ നിന്നും 2024-2025 സാമ്പത്തിക വർഷത്തെ മാച്ചിംഗ് ഗ്രാന്റായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ, നിലവിലെ കഠിനമായ സാമ്പത്തിക പ്രതിസന്ധി മൂലം തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ മാച്ചിംഗ് ഗ്രാന്റിനത്തിൽ ബോർഡിന് ലഭിക്കാനുള്ള ബാക്കി തുകയായ 35,88,668/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തിയെട്ട് ആയിരത്തി അറുന്നൂറ്റി അറുപത്തിയെട്ട് രൂപ) കൂടി അടിയന്തിരമായി അനുവദിക്കണമെന്ന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും കയർ വികസന ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. TSB അക്കൗണ്ട് വിശദാംശങ്ങൾ, ചലാൻ

നമ്പർ, തുക എന്തിനായി ഉപയോഗിച്ചു തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി കേരള ധനകാര്യ കോഡ് പ്രകാരമുള്ള നിർദ്ദിഷ്ട ഫോർമാറ്റിൽ (as per KFC Format 44) കൃത്യമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് ബോർഡ് ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2024 - 2025 സാമ്പത്തിക വർഷത്തെ മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ '2851-00-106-93 (NP) ' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3. ടി തുക റിലീസ് ചെയ്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർക്ക് മാറി നൽകുന്നതിന് കയർ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (E 3277592/I&PW-A3/89/2025-Fin തീയതി 04/06/2026).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (E2/7/2026-IND)

ഉത്തരവിൻ പ്രകാരം
Signed by
Vidya Raj P
Date: 08-06-2026 11:31:34
സെക്ഷൻ ഓഫീസർ